


# സമുദായം നഷ്ടപ്പെടുത്തിയ രത്നങ്ങൾ

**പി.കെ** ജമാൽ എഴുതിയ 'ശിലയലിയും; നമ്മുടെ ശീലമോ?' എന്ന ലേഖന (ലക്കം:19) വായിച്ചു. ഒന്നര നൂറ്റാണ്ട് മുമ്പ് നടന്ന ഒരു സംഭവം വായിച്ചത് ഓർമ യിൽവന്നു.

രണ്ട് ബ്രിട്ടീഷുകാർ തെക്കൻ ആഫ്രിക്കയിലെ ഒരു ഗ്രാമത്തിലൂടെ നടന്നുപോവുകയായിരുന്നു. കറുത്ത വർഗക്കാരായ കുട്ടികൾ കല്ലെറിഞ്ഞ് കളിക്കുന്നത് കണ്ടപ്പോൾ വെള്ളക്കാർ അവരുടെ കളി ശ്രദ്ധിച്ചു. എറിഞ്ഞു കളിക്കുന്ന കല്ലുകളിൽനിന്ന് പല നിറത്തിലുള്ള പ്രകാശരശ്മികൾ പ്രസരിക്കുന്നതു കണ്ട് അവർ ആശ്ചര്യപ്പെട്ടു. കുട്ടികളെ അടുത്തു വിളിച്ച് കല്ലുകൾ വാങ്ങി നോക്കിയപ്പോൾ അമൂല്യമായ രത്നക്കല്ലുകൾ! സഞ്ചിയിലുണ്ടായിരുന്ന ഭക്ഷണപദാർഥങ്ങളും നാണയങ്ങളും കൊടുത്തപ്പോൾ കുട്ടികൾ സന്തോഷത്തോടെ കല്ലുകൾ വെള്ളക്കാർക്ക് നൽകി. കുട്ടികൾക്ക് കല്ലുകളുടെ വില അറിയില്ലായിരുന്നു.

വെള്ളക്കാർ ലണ്ടനിലേക്ക് തിരിച്ചുപോയി രത്നകമ്പോളത്തിൽ കല്ലുകൾ വിറ്റ് സമ്പന്നരായി. തിരിച്ച് തെക്കനാഫ്രിക്കയിലേക്ക് വന്ന അവർ കല്ല് ലഭിച്ച പ്രദേശങ്ങൾ വിലയ്ക്കു വാങ്ങി രത്നഖനികൾ സ്ഥാപിച്ചു. കല്ലുകൾ നൽകിയ കുട്ടികളും അവരുടെ സമൂഹവും വെള്ളക്കാരുടെ കീഴിൽ ജോലിചെയ്ത് അടിമകളായി.

"എല്ലാവരും ഒന്നിച്ച് അല്ലാഹുവിന്റെ പാശത്തെ (ദീനിനെ) മുറുകെ പിടിക്കുവിൻ. നിങ്ങൾ ഭിന്നിച്ചുപോകരുത്. അല്ലാഹു നിങ്ങളിൽ ചൊരിഞ്ഞ അനുഗ്രഹത്തെ സ്മരിക്കുകയും ചെയ്യുവിൻ. നിങ്ങൾ പരസ്പരം വൈരികളായിരുന്നു. അപ്പോൾ അവൻ നിങ്ങളുടെ ഹൃദയങ്ങളെ പരസ്പരം ഇണക്കി. അങ്ങനെ അവന്റെ മഹത്തായ അനുഗ്രഹത്താൽ നിങ്ങൾ സഹോദരങ്ങളായി തീർന്നു. നിങ്ങളോ ഒരു അഗ്നികുണ്ഡത്തിന്റെ തെല്ലിലായിരുന്നു. അതിൽനിന്നവർ നിങ്ങളെ രക്ഷിച്ചു. ഇവ്വിധം അല്ലാഹു അവന്റെ ദൃഷ്ടാന്തങ്ങൾ നിങ്ങൾക്ക് വെളിപ്പെടുത്തിത്തരികയാണ്. ഈ അടയാളങ്ങളിലൂടെ നിങ്ങൾ മോക്ഷത്തിന്റെ ശരിയായ മാർഗം കണ്ടെത്തിയെങ്കിലോ" (ഖുർആൻ 3:103).

പരസ്പരം പോരാടിയിരുന്ന അറേബ്യൻ ഗോത്രങ്ങൾ അല്ലാഹുവിന്റെ ദീൻ ഉൾക്കൊണ്ടപ്പോൾ ചരിത്രത്തിൽ തുല്യതയില്ലാത്തവിധം സാഹോദര്യബന്ധം കാത്തുസൂക്ഷിക്കുന്നവരായി. അല്ലാഹുവിന്റെ ദീനാകുന്ന രത്നങ്ങളുടെ പ്രകാശരശ്മികൾ അവരുടെ ചിന്തകളിലൂടെയും കർമങ്ങളിലൂടെയും പ്രകാശിച്ചപ്പോൾ, മുസ്‌ലിം സമുദായം ലോകത്തിന്റെ ആകർഷണകേന്ദ്രമായി. ഒരു ചരടിൽ കോർത്ത അമൂല്യരത്നമാലയായി ലോകം അവരെ കണ്ടു.

പിന്നീട് സമുദായത്തെ ഗ്രസിച്ച ഗോത്രവിഭാഗീയതയും അധികാരമോഹങ്ങളും അന്ധവിശ്വാസങ്ങളും പൗരോഹിത്യവും, അല്ലാഹു കനിഞ്ഞു നൽകിയ ദീനാകുന്ന രത്നമാലകളെ പൊട്ടിച്ചു. കറുത്ത വർഗക്കാരായ കുട്ടികളെപ്പോലെ തമ്മിലെറിയാനുള്ള വെറും കല്ലുകളാക്കി അതിനെ മാറ്റി. പോർച്ചുഗലിന്റെയും സ്പെയിന്റെയും ബ്രിട്ടന്റെയും ഫ്രാൻസിന്റെയും അധീനതയിലും ഭരണത്തിലുമുണ്ടായിരുന്ന അമേരിക്കൻ ഭൂപ്രദേശങ്ങൾ ഒരുമിച്ച് യുനൈറ്റഡ് സ്റ്റേറ്റ്സ് ഓഫ് അമേരിക്കയായി.

ഒരു നൂറ്റാണ്ടിലധികം തമ്മിൽ പൊരുതിയ ഫ്രാൻസും ബ്രിട്ടനും, രണ്ടാം ലോകയുദ്ധത്തിൽ ശത്രുക്കളായിരുന്ന യൂറോപ്പിലെ മറ്റു രാഷ്ട്രങ്ങളും യൂറോപ്യൻ യൂനിയൻ എന്ന ഒരു കുടക്കു കീഴിൽ അണിനിരന്നു.

മുസ്‌ലിം സമുദായമോ, ഇസ്‌ലാമിലെ ഖിലാഫത്തും നേതൃപദവിയും നഷ്ടപ്പെടുത്തി. അതോടൊപ്പം സാഹോദര്യബന്ധവും നഷ്ടമായി. വ്യത്യസ്ത ഭരണങ്ങളായും സംഘടനകളായും അവർ ഭിന്നിച്ചു. 'നിങ്ങൾ ഭിന്നിച്ചുപോകരുതെ'ന്ന അല്ലാഹുവിന്റെ മുന്നറിയിപ്പ് അവഗണിച്ചു. സമുദായം പാശ്ചാത്യരുടെ അടിമകളായിക്കൊണ്ടിരിക്കുന്നു.

**വി.കെ കുട്ടു, ഉളിയിൽ**

# 'വഴിവെളിച്ച'ത്തിലെ ഹദീസുകൾ

## ലേഖകന്റെ വിശദീകരണം

**'വഴിവെളിച്ചം'** പംക്തിയിൽ ഈയുള്ളവൻ അവലംബിച്ച ഹദീസുകളെ നിരൂപണം ചെയ്തുകൊണ്ട് അബുൽ അസ്‌റാർ പന്തലിങ്ങൽ എഴുതിയ കുറിപ്പ് വായിച്ചു. കുറ്റമറ്റതും അഭിപ്രായ വ്യത്യാസങ്ങൾക്ക് പഴുതില്ലാത്തതുമായ ഹദീസുകൾ തെരഞ്ഞെടുക്കണം എന്ന അദ്ദേഹത്തിന്റെ നിർദേശം അംഗീകരിക്കുന്നു. അതോടൊപ്പം ചില കാര്യങ്ങൾ കൂടി വ്യക്തമാക്കേണ്ടതുണ്ട്. സംസ്കരണപ്രധാനമായ ലേഖനങ്ങളിലും ഖുത്ബകളിലും ദുർബലമെന്ന് ആരോപിക്കപ്പെട്ട ഹദീസുകൾ ഉദ്ധരിക്കാൻ പാടുണ്ടോ ഇല്ലേ എന്നത് പണ്ഡിത ലോകത്തെ ഏറെ പഴക്കം ചെന്ന വിവാദങ്ങളിൽ ഒന്നാണ്. അവ നിരുപാധികം ഉദ്ധരിക്കാമെന്ന് പറയുന്നവരും തീർത്തും പാടില്ല എന്ന് പറയുന്നവരുമുണ്ട്. യഹ്‌യബ്നു മഈൻ, അബൂബക്‌റുബ്നുൽ അറബി, ഇബ്നു ഹസം, ഇമാം ബുഖാരി, മുസ്‌ലിം തുടങ്ങിയവർ ദുർബല രിവായത്തുകൾ ഉപേക്ഷിക്കണം എന്ന വാദക്കാരാണ്. ഇമാം അബൂദാവൂദ്, അഹ്‌മദുബ്നു ഹമ്പൽ മുതലായവർ വ്യക്തികളുടെ അഭിപ്രായത്തേക്കാൾ ദുർബല ഹദീസുകൾക്കാണ് പ്രാമുഖ്യമെന്നും അതിനാൽ അവ നിരുപാധികം ഉദ്ധരിക്കാമെന്നും അഭിപ്രായപ്പെടുന്നു. മൂന്നാമതൊരു അഭിപ്രായവും പണ്ഡിതലോകത്തുണ്ട്. ദുർബല രിവായത്തുകൾ ചില നിബന്ധനകളോടെ മാത്രം ഉദ്ധരിക്കാമെന്ന് അവർ പറയുന്നു. ശൈഖുൽ ഇസ്‌ലാം ഇബ്നു ഹജറുൽ അസ്ഖലാനിയെപ്പോലുള്ള പണ്ഡിതന്മാർ ഈ നിബന്ധനകൾ ഏതെല്ലാമാണെന്ന് വിശദീകരിച്ചിട്ടുണ്ട്. ഹദീസിന്റെ നിവേദക പരമ്പര അങ്ങേയറ്റം ദുർബലമാവാതിരിക്കുക, ഉദ്ദേശിക്കപ്പെടുന്ന കർമം ദീനിൽ മറ്റു പ്രമാണങ്ങളിലൂടെത്തന്നെ അംഗീകരിക്കപ്പെട്ടതാവുക തുടങ്ങിയവയാണ് പ്രധാന ഉപാധികൾ.

ഈ അഭിപ്രായ ഭിന്നതകളുടെ ന്യായാന്യായതകൾ എന്താണെങ്കിലും ശരി, കർമങ്ങളുടെ ശ്രേഷ്ഠത വ്യക്തമാക്കാൻ ആരോപണവിധേയമായ ഹദീസുകൾ കൂടി ഉദ്ധരിക്കാം എന്നതാണ് പൗരാണികരും ആധുനികരുമായ പണ്ഡിതന്മാർ സ്വീകരിച്ച പൊതുവായ പ്രായോഗിക രീതി. കടുത്ത സലഫി ചിന്താധാരയിലുള്ളവരിൽ പോലും ഇതിന്നപവാദങ്ങൾ വിരളമാണ്.

ഹദീസ് പണ്ഡിതന്മാർ പ്രബലമെന്ന് വിധിയെഴുതിയിട്ടുള്ളതും എന്നാൽ ചിരപരിചിതത്വം കൊണ്ട് ഗൗരവം ചോർന്നുപോ

യിട്ടില്ലാത്തതുമായ ഹദീസുകൾ കണ്ടെത്തി വിശദീകരിക്കാനാണ് 'വഴിവെളിച്ച'ത്തിൽ ഈ ലേഖകൻ ശ്രമിച്ചത്. ഒരാൾ പ്രബലമെന്നും മറ്റൊരാൾ ദുർബലമെന്നും പറഞ്ഞിട്ടുള്ള ഹദീസുകൾ തള്ളപ്പെടേണ്ടവയാണെന്നോ അങ്ങേയറ്റം ദുർബലമാണെന്നോ ഈ കുറിപ്പുകാരൻ വിശ്വസിക്കുന്നില്ല. അവ ദുർബലമാണോ അല്ലേ എന്ന ഭിന്നാഭിപ്രായം തന്നെയാണ് അവക്കനുകൂലമായ ഘടകം. ഇക്കാരണത്താലാണ് അവയുടെ പ്രബലത സൂചിപ്പിക്കുന്ന അടിക്കുറിപ്പ് ചേർത്തത്.

'ഇഅ്തികാഫും ജനസേവനവും' എന്ന ലേഖനത്തിൽ മറ്റൊരു ആരോപണം കൂടി ഉന്നയിച്ചു കണ്ടു. ഇബ്നു അബ്ബാസി(റ)ന്റെ മുമ്പിൽ അജ്ഞാതനായ ഒരാൾ വന്ന് 'പ്രവാചക മാഹാത്മ്യ'ത്തെക്കുറിച്ച് സത്യംചെയ്തപ്പോൾ അദ്ദേഹം മിണ്ടാതിരുന്നതാണ് പ്രശ്നം. അല്ലാഹു അല്ലാത്തവരെ പിടിച്ചാണയിടുന്നതിലെ ഇസ്‌ലാമിക കാഴ്ചപ്പാട് പ്രമുഖ കർമശാസ്ത്രകാരൻ സയ്യിദ് സാബിഖ് ഇപ്രകാരം വ്യക്തമാക്കുന്നു: "അല്ലാഹു അല്ലാത്തവരെ പിടിച്ചാണയിടുന്നത്, അല്ലാഹുവിനെ മഹത്വപ്പെടുത്തുന്നതുപോലെ ആ ദൈവേതര ശക്തിയെയും മഹത്വപ്പെടുത്താൻ ഉദ്ദേശിച്ചുകൊണ്ടാണെങ്കിൽ നിഷിദ്ധമാണെന്ന കാര്യത്തിൽ സംശയമില്ല. എന്നാൽ മഹത്വപ്പെടുത്താൻ ഉദ്ദേശിക്കാതെ വാചകത്തിന് ഊന്നൽ നൽകാൻ ഉദ്ദേശിച്ചുകൊണ്ടാണെങ്കിൽ അനഭിലഷണീയമാണ്. മഹത്വപ്പെടുത്തലിനോട് സാമ്യതയുള്ളതിനാലും അല്ലാഹു അല്ലാത്തവരെ വന്ദിക്കുന്നതായി ധ്വനിയുള്ളതുകൊണ്ടുമാണിത്. നബി(സ) ഒരിക്കൽ ഒരു ഗ്രാമീണനോട് ഇപ്രകാരം പറയുകയുണ്ടായിട്ടുണ്ട്: *അഫ്‌ലഹ വ അബീഹി* (അയാളുടെ പിതാവാണ, അയാൾ വിജയിച്ചു). ബൈഹഖി പറയുന്നു: അറബികളിൽനിന്ന് ഇങ്ങനെയൊക്കെ ഉണ്ടാവാറുണ്ട്. മനഃപൂർവമല്ലാതെ അത് അവരുടെ നാവുകളിൽനിന്നുതിരുക സാധാരണമാണ്. ഇമാം നവവി ഈ അഭിപ്രായത്തെ പിന്തുണച്ചുകൊണ്ട് പറഞ്ഞു: ഇതാണ് തൃപ്തികരമായ വിശദീകരണം" (*ഫിഖ്ഹുസ്സുന്ന* വാള്യം 2, പേജ് 70).

**ജഅ്ഫർ എളമ്പിലാക്കോട്**

# 'നിഖാബ്' മാറ്റേണ്ടതുണ്ടോ?

**കെ.കെ** സുഹ്റയുമായുള്ള അഭിമുഖത്തിൽ (ലക്കം 18) സ്ത്രീകൾ 'നിഖാബ്' ധരിക്കുന്ന ആചാരം മാറേണ്ടതുണ്ട് എന്ന് കണ്ടു. എന്തടിസ്ഥാനത്തിലാണ് അങ്ങനെ പറഞ്ഞതെന്ന് മനസ്സിലാകുന്നില്ല. ഇസ്‌ലാമിക നവോത്ഥാന നായകനും ഖുർആൻ വ്യാഖ്യാതാവുമായ മൗലാനാ അബുൽ അഅ്‌ലാ മൗദൂദി, മലയാളത്തിലെ പ്രമുഖ ഖുർആൻ വ്യാഖ്യാതാവായ അമാനി മൗലവി തുടങ്ങിയവരൊക്കെ, സ്ത്രീകൾ മുഖം മറയ്ക്കൽ നിർബന്ധമല്ലെങ്കിൽ കൂടി അതാണ് ഉത്തമം എന്ന അഭിപ്രായക്കാരാണ്. മൗലാനാ മൗദൂദിയുടെ 'ചോദ്യോത്തരങ്ങൾ' എന്ന പുസ്തകത്തിന്റെ 171-ാം പേജിൽ സ്ത്രീകൾ അന്യരായ ആളുകളുടെ മുമ്പിൽ മുഖം തുറന്നിടുന്നത് ശരിയല്ല എന്ന് എഴുതിയിട്ടുണ്ട്. സൂറഃ *അൽ അഹ്സാബി*ലെ 59-ാം സൂക്തത്തിന്റെ വിശദീകരണത്തിൽ, സ്ത്രീകൾ അവർക്ക് നിർബന്ധമില്ലെങ്കിലും പുറത്തിറങ്ങുമ്പോൾ മുഖം മറയ്ക്കാൻ ശ്രദ്ധിക്കണം എന്ന് അമാനി മൗലവി സൂചിപ്പിക്കുന്നു.

'നിഖാബ്' ധരിക്കൽ നിർബന്ധമല്ലാത്തതുകൊണ്ട് സാമൂഹിക ജീവിതത്തിൽ മുഖം വെളിവാക്കേണ്ട അനിവാര്യ ഘട്ടങ്ങളിൽ (ഉദാ: എയർപോർട്ട്, പോലീസ് സ്റ്റേഷൻ, ചില ഓഫീസുകൾ...) മുഖം തുറന്നിടുന്നതിൽ തെറ്റുമില്ല. ഒരു സ്ത്രീ അവളുടെ മുഖം മറയ്ക്കുന്നതുകൊണ്ട് സമൂഹത്തിൽ എന്ത് പ്രശ്നമാണ് സൃഷ്ടിക്കപ്പെടുന്നത്? ധരിക്കുന്നവർക്ക് ഇല്ലാത്ത പ്രയാസം എന്തിനാണ് കാണുന്നവർക്ക്?

നിഖാബ് സമ്പ്രദായമല്ല മാറേണ്ടത്. ഇറുകിയ, ശരീരവടിവ് കാണിക്കുന്ന, തലമാത്രം ഹിജാബ് കൊണ്ട് മറച്ചുള്ള ഒരുതരം വസ്ത്രധാരണരീതി ഇന്ന് കണ്ടുവരുന്നുണ്ട്. അതാണ് മാറേണ്ടത്. ഇത് കണ്ടാൽ അവരുടെ തല മാത്രം സ്വർഗത്തിലേക്കും ഉടൽ നരകത്തിലേക്കും എന്ന് തോന്നിപ്പോകും.

**ഷീന റശീദ്**

## ▪ ചുരുക്കെഴുത്ത്

**സകാത്ത്** മഹല്ല് നേതൃത്വം നൽകണമെന്ന സമസ്തയുടെ യുവനേതാവ് അബ്ദുൽ ഹമീദ് ഫൈസി അമ്പലക്കടവിന്റെ ലേഖനം പുനഃപ്രസിദ്ധീകരിച്ചത് (ലക്കം 20) ഉചിതമായി. ഓരോ മഹല്ലിലും സകാത്ത് വാങ്ങാൻ അർഹരായവരുടെ ലിസ്റ്റ് മഹല്ല് നേതൃത്വത്തിന് ഉണ്ടാക്കാവുന്നതാണ് എന്ന് അഭിപ്രായപ്പെടുന്ന ഫൈസി, ചിലയിടങ്ങളിൽ നടന്നുവരുന്ന 'കമ്മിറ്റി' കർമശാസ്ത്രനിയമങ്ങൾക്കനുസൃതമല്ല എന്ന വിചിത്ര നിലപാട് ആവർത്തിക്കുന്നുണ്ടെങ്കിലും പൊതുവെ അഭിനന്ദനാർഹമാണ് ലേഖനത്തിന്റെ ഉള്ളടക്കം.

ഇസ്‌ലാമിക സമൂഹം അതിന്റെ പൂർണ ഘടനയിൽ ചലിക്കുന്നതിന് നമസ്കാരം പോലെ നിലനിൽക്കേണ്ട ഒന്നായിരുന്നു സകാത്തും. ഇക്കാര്യത്തിൽ ക്രിയാത്മകമായ ഒരു സംവാദം സമൂഹത്തിൽ ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു.

**മുഹമ്മദ് സാദിഖ് കണ്ണൂർ**
**ജിദ്ദ, കെ.എസ്.എ**

**ജി.കെ** എടത്തനാട്ടുകരയുടെ 'മരണാനന്തര ജീവിതത്തിന്റെ യുക്തി' (ലക്കം 19) ലളിതം, സുവ്യക്തം. സാധാരണ വായനക്കാരന് പ്രയാസമേതുമില്ലാതെ മനസ്സിലാകുന്ന ഭാഷ.

**അലവി വീരമംഗലം**